**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1900** **08-10-2021 - ൽ മറുപടിയ്ക്ക്**

**പുതിയ ക്ഷീര സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര കർഷകർ കൂടുതലുള്ള സ്ഥലങ്ങളിൽ കർഷകർക്ക് കിലോമീറ്ററുകൾ ദൂരത്തുള്ള ക്ഷീര സംഘങ്ങളിൽ പാൽ എത്തിക്കേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലങ്ങളിൽ പുതിയ ക്ഷീര സംഘങ്ങൾ അനുവദിക്കുന്നതിന് തടസങ്ങളുണ്ടോ; | (എ) | ഉണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് അപേക്ഷ നൽകുന്ന പക്ഷം പുതിയ ക്ഷീരസംഘം രൂപീകരിക്കുന്നതിന് അനുമതി നൽകി വരുന്നു. |
| (ബി) | പുതിയ ക്ഷീര സംഘങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | (1) വെള്ള പേപ്പറിൽ വ്യത്യസ്ത കുടുംബത്തിൽപ്പെട്ട 25 ക്ഷീര കർഷകരെങ്കിലും ഒപ്പിട്ട അപേക്ഷ (2 പകർപ്പ്) ഡെപ്യൂട്ടി ഡയറക്ടർക്ക് നേരിട്ട് സമർപ്പിക്കണം. (2) ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ബ്ലോക്കിലെ ക്ഷീരവികസന ഓഫീസറുടെ വില്ലേജ് സർവ്വെ റിപ്പോർട്ട്, പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടു ത്തിയ ഏരിയാമാപ്പ്, മറ്റു ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയുമായി അതിവ്യാപനമില്ലെന്ന ക്ഷീരവികസന ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതാണ്. (3) ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം രൂപീകരണ യോഗം ക്ഷീര വികസന ഓഫീസർ വിളിച്ചു ചേർക്കേണ്ടതാണ്. മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള തീരുമാനങ്ങളെടുക്കുകയും പ്രൊമോട്ടിംഗ് കമ്മിറ്റിയേയും ചീഫ് പ്രൊമോട്ടറെയും തെരഞ്ഞെടുക്കുകയും വേണം. (4) സംഘം രൂപീകരിക്കുന്നതിന് ഓഹരി പിരിക്കുവാൻ വേണ്ടി ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയ്ക്ക് മിനിട്ട്സ് തീരുമാനമടക്കം ചീഫ് പ്രൊമോട്ടർ അപേക്ഷിക്കണം. (5) അതിനുശേഷം സഹകരണ നിയമം ഫോറം നം.1-ൽ ഉള്ള അപേക്ഷയും അനുബന്ധരേഖകളും ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് സംഘം രജിസ്റ്റർ ചെയ്ത് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ